2. 1986 ജൂലായ് 29-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 86/86/പി. ഡബ്ല്യൂ. ആൻറ് ററി. (എസ്. ആർ. ഒ. നമ്പർ 1153/86).

3. 1986 സെപ്റ്റംബർ 10-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 112/86/പി. ഡബ്ല്യൂ. ആൻറ്. ററി. (എസ്. ആർ. ഒ. നമ്പർ 1356/86).

4. 1986 സെപ്റ്റംബർ 25-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 118/86/പി. ഡബ്ല്യൂ. ആൻറ് ററി. (എസ്. ആർ. ഒ. നമ്പർ 1422/86).

5. കേരള സ്റ്റേററ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻറെ 1980 മാർച്ച് 31-ാം തീയതി അവസാനിച്ച വർഷത്തേക്കുള്ള കണക്കുകളെ സംബന്ധിച്ച ആഡിററ് റിപ്പോർട്ട്.

6. കേരള സ്റ്റേററ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻറെ 1981 മാർച്ച് 31-ാം തീയതി അവസാനിച്ച വർഷത്തേക്കുള്ള കണക്കുകളെ സംബന്ധിച്ച ആഡിററ് റിപ്പോർട്ട്.

VII റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ 21-ാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, കാര്യോപദേശക സമിതിയുടെ ഇരുപത്തൊന്നാമത് റിപ്പോർട്ട് ഞാൻ അവതരിപ്പിക്കുന്നു.

ഡെപ്യൂട്ടി സ്പീക്കർ : റിപ്പോർട്ട് അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

റിപ്പോർട്ട് പരിഗണന

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, കാര്യോപദേശക സമിതിയുടെ ഇരുപത്തൊന്നാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

ഡെപ്യൂട്ടി സ്പീക്കർ : റിപ്പോർട്ട് അംഗീകരിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഒരു പോയിൻറ് ഓഫ് ഓർഡർ, ഞാൻ പോയിൻറ് ഓഫ് ഓർഡർ ഉന്നയിക്കാൻ ഉദ്ദേശിക്കുന്നത് ഒരു നിയമപ്രശ്നത്തിൻമേലാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പൊൻകുന്നം വെടിവയ്പിനെക്കുറിച്ച് മറുപടി പറയവേ പോലീസുകാർക്കും വെടിവയ്ക്കാം എന്ന് പറയുകയുണ്ടായി. ഇൻഡ്യൻ പീനൽകോഡ് 80-ാം വകുപ്പനുസരിച്ച് ഇൻഡ്യയിലുള്ള എല്ലാ പൗരൻമാർക്കും ആത്മരക്ഷാവകാശം ഉണ്ട്. അത് പോലീസുകാർക്കും ഉണ്ട്.....(ബഹളം).....

ജലസേചന വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഇത് അനുവദിക്കത്തക്കതല്ല എന്ന പോയിൻറ് ഓഫ് ഓർഡർ ആണ് ഞാൻ ഉന്നയിക്കുന്നത്. ഒരു ബിസിനസിൽനിന്ന് അടുത്ത ബിസിനസിലേക്ക് കടന്നുകഴിഞ്ഞാൽ ആ ബിസിനസിനെ സംബന്ധിച്ചുള്ള അല്ലെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രൊസീഡ്യൂവറിനെ സംബന്ധിച്ചുള്ള പോയിന്റ് ഓഫ് ഓർഡർ വേണം ഉന്നയിക്കേണ്ടത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഇൻഡ്യൻ പീനൽകോഡ് 80-ാം വകുപ്പനുസരിച്ച് ഇൻഡ്യയിലെ എല്ലാ പൗരൻമാർക്കും ആത്മരക്ഷാർത്ഥം പ്രവർത്തിക്കാം. അത് പോലീസുകാർക്കുമുണ്ട്. എന്നാൽ പോലീസുകാർ പ്രവർത്തിക്കുന്നത് പോലീസ് ആക്ട് 30, 30 (എ) ഈ വകുപ്പുകൾ അനുസരിച്ചാണ്. ഈ വകുപ്പുകൾ അനുസരിച്ച് പ്രവർത്തിക്കുന്ന പോലീസുകാരൻ—District Superintendent or Assistant Superintendent or any other Police Officer on duty—അവർക്കുമാത്രമേ വെടിവയ്ക്കാൻ അവകാശമുള്ളൂ. നമ്മുടെ രാജ്യത്ത് ക്രിമിനൽ പ്രൊസീഡ്യൂർകോഡ് 144 അനുസരിച്ച് പോലീസുകാർക്ക് വെടിവയ്ക്കാനുള്ള അവകാശമില്ല. ഒരു സമരത്തിൽ ഒരു ക്രൗഡിനെ നേരിടുമ്പോൾ ഡിസ്ട്രിക്ട് മജിസ്ട്രേറ്റിനോ ഡിസ്ട്രിക്ട് സൂപ്രണ്ടിനോ മാത്രമേ വെടിവയ്ക്കാൻ അവകാശമുള്ളൂ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി 'പോലീസുകാർക്കും വെടിവയ്ക്കാം' എന്ന് ഒറ്റ വാക്യത്തിൽ ഇവിടെ പറഞ്ഞത് നാളെ ഇവിടത്തെ പോലീസ് സ്റ്റേഷനിലെ പോലീസുകാർക്കെല്ലാം ആത്മരക്ഷാർത്ഥം വെടിവയ്ക്കാം എന്ന ഒരു പരിതാപകരമായ സ്ഥിതിവിശേഷം ഉണ്ടാക്കും. ഈ രാജ്യത്ത് ഒരു പോലീസുകാരനും വെടിവയ്ക്കാൻ അവകാശമില്ല. അതുകൊണ്ട് മുഖ്യമന്ത്രി പറഞ്ഞിരിക്കുന്നത് ഈ രാജ്യത്തെ ജനാധിപത്യസംവിധാനത്തിന് ചേർന്നതല്ല. ചട്ടങ്ങൾക്ക് വിരുദ്ധമാണ്. അതുകൊണ്ട് ആ നടപടി നമ്മുടെ രാജ്യത്തു നിലവിലിരിക്കുന്ന ഇൻഡ്യൻ പീനൽകോഡിലെ വ്യവസ്ഥകൾക്കും ക്രിമിനൽ പ്രൊസീഡ്യൂവർ കോഡിനും പോലീസ് ആക്ടിനും വിരുദ്ധമായ ഒരു പ്രസ്താവനയായിപ്പോയി. അതുകൊണ്ട് ഇക്കാര്യത്തിൽ അങ്ങയുടെ ഒരു റൂളിംഗ് ഉണ്ടാകണമെന്ന് വിനീതമായി ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, വളരെ വ്യക്തമായിട്ട് ഞാൻ പറഞ്ഞു. ആത്മരക്ഷാർത്ഥം വെടിവച്ചിട്ടുള്ളതാണ് എന്ന്. ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പറുടെ പരാമർശത്തിനുള്ള മറുപടിയിലാണ് ഞാൻ പറഞ്ഞത്, ആത്മരക്ഷാർത്ഥം വെടിവയ്ക്കാം എന്ന്. ഇവിടെ ഉന്നയിച്ച പോയിന്റ് ഓഫ് ഓർഡറിൽ യാതൊരു പോയിന്റുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ഇവിടെ വേറൊരു ബിസിനസ് നടന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഞാൻ ഈ പോയിന്റ് ഓഫ് ഓർഡർ അനുവദിക്കുന്നില്ല.

VIII നിയമനിർമ്മാണകാര്യം

1986-ലെ കേരള കമാൻഡ് ഏരിയ വികസന ബിൽ

(ചർച്ച തുടർച്ച)

മി. ഡെപ്യൂട്ടി സ്പീക്കർ : ഇന്നുതന്നെ ഈ ബിൽ ചർച്ച കഴിഞ്ഞ് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്നാണ് ബിസിനസ് അഡ്വൈസറി കമ്മിറ്റി തീരുമാനിച്ചിട്ടുള്ളത്. ധാരാളം ഭേദഗതികൾ കിട്ടിയിട്ടുണ്ട്. എല്ലാ മെമ്പർമാരും ചുരുക്കിസംസാരിക്കുമെങ്കിൽ കൂടുതൽ അംഗങ്ങൾക്ക് സംസാരിക്കാൻ അവസരം ഉണ്ടാകും. അതിന് എല്ലാ മെമ്പർമാരുടേയും സഹകരണം അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly